(ബി) കയർ ഭൂവസ്ത്രത്തെക്കുറിച്ച് ബി.ഐ.എസ്. പട്ടികയിലും പി.ഡബ്ല്യു.ഡി. മാനുവലിലും എന്തെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതു ഉൾപ്പെടുത്തുന്നതിനും കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദേശീയപാതയുടെ കോഴിക്കോട് ബൈപ്പാസിന്റെ ഒന്നാം ഘട്ടത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചിരുന്നു. കേന്ദ്ര റോഡ് മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന ദേശീയപാതകളിൽ ആവശ്യകത അനുസരിച്ച് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നുണ്ട്. റോഡു വിഭാഗത്തിൽ നിന്ന് ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി ആന്റ് സി) ഇത് നൂതന സാങ്കേതിക വിദ്യ ആയതിനാൽ കയർ ഭൂവസ്ത്രത്തെക്കുറിച്ച് പി.ഡബ്ല്യു.ഡി. മാനുവലിൽ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. ബി.ഐ.എസ്. സിന്തറ്റിക് ഭൂവസ്ത്രത്തിന്റെ ഏതാനും സ്റ്റാൻഡേർഡുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന ദേശീയ പാതകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കാൻ തടസ്സമൊന്നുമില്ല.

റോഡു വിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുവരുന്നു.

കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട എം. ഡി. ആർ. റോഡുകളെ എസ്. എച്ച്. ആക്കുന്നതിനും ഒ.ഡി.ആർ. റോഡുകൾ എം. ഡി. ആർ. ആക്കുന്നതിനും നടപടി

284 [2341] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട എം. ഡി. ആർ. റോഡുകളായ കൊടുവായൂർ-തൃപ്പാളൂർ റോഡ്, കുഴൽമന്ദം-കോട്ടായി-പെരിങ്ങോട്ടുകുറിശ്ശി-തിരുവിലാമല എന്നീ റോഡുകൾ സ്റ്റേറ്റ് ഹൈവേ ആക്കുന്നതിനും ഒ.ഡി.ആർ. റോഡുകളായ അമ്പാട്-ആനിക്കോട് റോഡ്, കൂനിശ്ശേരി-വല്ലംഗി റോഡ്, ഒട്ടുകാട്-നാരങ്ങാപറമ്പ് റോഡ്, പോത്തുകാട്-മാനാംകുമ്പ് റോഡ്, വെമ്പല്ലൂർ-മുതിങ്ങമല റോഡ്, പെരിങ്ങോട്ടുകുറിശ്ശി-തരൂർ റോഡ് എന്നീ റോഡുകൾ എം.ഡി.ആർ. ആക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രൊപ്പോസൽ പരിഗണിച്ച് എം. ഡി. ആർ. റോഡുകൾ എസ്.എച്ച്. ആക്കുന്നതിനും ഒ.ഡി.ആർ. റോഡുകൾ എം.ഡി.ആർ. ആക്കുന്നതിനും സർക്കാർ തയ്യാറാവുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുഴൽമന്ദം മണ്ഡലത്തിലെ എം.ഡി.ആർ. റോഡുകൾ സ്റ്റേറ്റ് ഹൈവേ ആക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൽക്കാലം പരിഗണനയിലില്ല. എന്നാൽ ഒ. ഡി ആർ. റോഡുകളായ അമ്പാട്-ആനിക്കോട് റോഡ്, കുനിശ്ശേരി-വല്ലംഗി റോഡ്, ഒട്ടരുകാട്-നാരങ്ങാപറമ്പ് റോഡ്, പോത്തുകാട്-മാനാംകുരുമ്പ് റോഡ്, വെമ്പല്ലൂർ-മുരിങ്ങമല റോഡ് എന്നീ റോഡുകൾ എം. ഡി. ആർ. ആക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഒ.ഡി.ആർ. കാറ്റഗറിയിൽ വരുന്ന പ്രധാനപ്പെട്ട റോഡുകളെ എം.ഡി.ആർ. ആയി ഉയർത്തുന്നതിനെക്കുറിച്ച് വിശദമായി പഠിച്ചുവരികയാണ്. എം. ഡി. ആർ. റോഡുകൾ സ്റ്റേറ്റ് ഹൈവേ ആക്കുന്ന കാര്യം തൽക്കാലം പരിഗണനയിൽ ഇല്ല.

കാസർഗോഡ് ജില്ലയിൽ എം.ഡി.ആർ. ആക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ

285 [2342] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ഏതെല്ലാം റോഡുകളാണ് എം.ഡി.ആർ. ആക്കാൻ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

എം. ഡി. ആർ. ആക്കാൻ പരിഗണനയിലുള്ള റോഡുകളുടെ പേരുവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

കോഴിക്കോട്-മഞ്ചേരി, മലപ്പുറം, പെരിന്തൽമണ്ണ നഗരങ്ങളിലെ വാഹനത്തിരക്ക് ഒഴിവാക്കാൻ നടപടി

286 [2343] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 17 വഴി ധാരാളം വാഹനങ്ങൾ പാലക്കാട്-കോയമ്പത്തൂർ ഭാഗത്തേയ്ക്ക് പോകുന്നുണ്ട് എന്നത് കണക്കിലെടുത്തു കൊയിലാണ്ടിയിൽ നിന്നും ഈ വാഹനങ്ങൾ സ്റ്റേറ്റ് ഹൈവേ 34-ലൂടെ ബാലുശ്ശേരി-താമരശ്ശേരി-മുക്കം-അരീക്കോട്-എടവണ്ണ-വണ്ടൂർ-പാണ്ടിക്കാട്-മണ്ണാർക്കാട്-പാലക്കാട് വഴി തിരിച്ചുവിട്ടാൽ കോഴിക്കോട്-മഞ്ചേരി-മലപ്പുറം-പെരിന്തൽമണ്ണ നഗരങ്ങളിലെ വാഹന കുരുക്കുകൾ പരിഹരിക്കാനും ദൂരം കുറയ്ക്കാനും ഇടയാക്കുമെന്നത് പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടികൾ എടുത്തു എന്ന് വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly